"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള പേരിന്റെ അടിസ്ഥാനത്തിൽ ജനന രജിസ്ട്രേഷനിൽ ഒറ്റത്തവണ മാറ്റം വരുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ഡി) വകുപ്പ്**

സ.ഉ.(കൈ) നം.62/2025/LSGD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:- 1. 29.06.2023 തീയതിയിലെ ആർ.ഡി3/167/2022/തസ്വഭവ നമ്പർ സർക്കുലർ.

2. ജനന മരണ മുഖ്യ രജിസ്ട്രാറുടെ 24.12.2024 തീയതിയിലെ No.LSGD/PD/5834/2024-CR1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗസറ്റ് വിജ്ഞാപനം വഴി തിരുത്തിയ പേര് സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലും, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലും തിരുത്തിയ ശേഷം അതിന്റെ അടിസ്ഥാനത്തിൽ ജനന രജിസ്ട്രേഷനിൽ ഒറ്റത്തവണ തിരുത്തുന്നതിന് വ്യവസ്ഥ ചെയ്ത് പരാമർശം (1) സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ മുതലായ പാഠ്യപദ്ധതികൾ പ്രകാരം പഠനം നടത്തിയ/നടത്തുന്ന വിദ്യാർത്ഥികൾക്ക് ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള പേര് സ്കൂൾ രേഖയിൽ ചേർക്കുന്നതിനായി നിലവിലെ ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരിൽ മാറ്റം വരുത്തി അപ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് അതാത് സ്കൂളുകളിൽ ലഭ്യമാക്കേണ്ടതുണ്ടെന്നും ഇത്തരത്തിൽ പേര് മാറ്റുന്നതിന് നിരവധി അപേക്ഷകൾ ലഭ്യമാകുന്നതിനാൽ ഈ വിഷയത്തിന്മേലുള്ള സ്പഷ്ടീകരണം നൽകണമെന്നും ജനന മരണ മുഖ്യ രജിസ്ട്രാർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിൽ ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ കുട്ടിയുടെയോ മാതാപിതാക്കളുടേയോ പേര് ഗസറ്റ് വിജ്ഞാപനപ്രകാരം മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പ്രകാരം ജനന രജിസ്ട്രേഷനിൽ ഒറ്റത്തവണ മാറ്റം വരുത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (അർബൻ) തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പ്
ജനന മരണ മുഖ്യ രജിസ്ട്രാർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പ്
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മേയർ/ചെയർമാൻ/പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (വകുപ്പ് തലവന്മാർ മുഖേന)
എല്ലാ ജനനമരണ രജിസ്ട്രാർമാർക്കും (ജനന മരണ മുഖ്യ രജിസ്ട്രാർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് ന്യൂ മീഡിയ) വകുപ്പ് - പ്രസിദ്ധീകരണത്തിന്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (RD3/44/2024-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
Date: 29-03-2025 13:09:44

സെക്ഷൻ ഓഫീസർ